سورة الّيل

92. സൂറതുല്ലൈൽ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 21

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلَّيۡلِ إِذَا يَغۡشَىٰ ﴿١﴾

﴾1﴿ രാത്രിതന്നെയാണ (സത്യം) -അത് മൂടിക്കൊണ്ടിരിക്കുമ്പോൾ!

وَٱلنَّهَارِ إِذَا تَجَلَّىٰ ﴿٢﴾

﴾2﴿ പകൽതന്നെയാണ (സത്യം) -അത് പ്രത്യക്ഷപ്പെടുമ്പോൾ!

وَمَا خَلَقَ ٱلذَّكَرَ وَٱلۡأُنثَىٰٓ ﴿٣﴾

﴾3﴿ ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചിട്ടുള്ളത് [ആ മഹാശക്തി] തന്നെയാണ (സത്യം)!

إِنَّ سَعۡيَكُمۡ لَشَتَّىٰ ﴿٤﴾

﴾4﴿ നിശ്ചയമായും, നിങ്ങളുടെ പരിശ്രമം വിഭിന്നങ്ങളത്രെ

﴾1﴿ وَاللَّيْلِ രാത്രി തന്നെയാണ إِذَا يَغْشَى അത് മൂടിക്കൊണ്ടിരിക്കുമ്പോൾ ﴾2﴿ وَالنَّهَارِ പകൽതന്നെയാണ إِذَا تَجَلَّى അത് പ്രത്യക്ഷപ്പെടുമ്പോൾ ﴾3﴿ وَمَا خَلَقَ സൃഷ്ടിച്ചതും തന്നെയാണ الذَّكَرَ ആണിനെ وَالأُنْثَى പെണ്ണിനെയും ﴾4﴿ إِنَّ سَعْيَكُمْ നിശ്ചയമായും നിങ്ങളുടെ പരിശ്രമം, യത്നം, പ്രവൃത്തി لَشَتَّى വിഭിന്നങ്ങൾ തന്നെ (വ്യത്യസ്തങ്ങളാണ്)

കഴിഞ്ഞ അദ്ധ്യായത്തിലെ 3, 4 വചനങ്ങളിൽ കണ്ടതുപോലെയുള്ള ആശയം തന്നെയാണ് ഏതാണ്ട് ഈ അദ്ധ്യായത്തിലെ 1 ഉം 2 ഉം വചനങ്ങളിലും ഉള്ളതെന്ന് പറയാം. അവിടെ 5 -7 വചനങ്ങളിൽ സൂചിപ്പിച്ച അതേ മഹാശക്തിയെ -അല്ലാഹുവിനെ- ക്കുറിച്ചുതന്നെയാണ് ഇവിടെ 3 -ാം വചനത്തിലും സൂചിപ്പിക്കുന്നത്. ആണ് എന്നും പെണ്ണ് എന്നും പറഞ്ഞത് പൊതുവിൽ ആ രണ്ട് വർഗത്തെ ഉദ്ദേശിച്ചും, അല്ലെങ്കിൽ -ഇബ്നു

അബ്ബാസ് (റ), ഹസൻ (റ), കൽബീ (റ) എന്നിവരിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതുപോലെ- മനുഷ്യപിതാവായ ആദം (അ), മനുഷ്യമാതാവായ ഹവ്വാഉ് (അ) എന്നിവരെ ഉദ്ദേശിച്ചും ആകാവുന്നതാണ്.

മനുഷ്യരുടെ -ജിന്നുകളുടെയും തന്നെ- പരിശ്രമങ്ങളും പ്രവർത്തനങ്ങളും ഒരേ രൂപത്തിലുള്ളവയല്ല, വിഭിന്ന നിലയിലുള്ളതാണ് എന്നത്രെ അല്ലാഹു സത്യം ചെയ്തു പറയുന്നത്. അതെ, രാത്രിയും പകലുമെന്ന പോലെയും, ആണും പെണ്ണുമെന്നപോലെയും മനുഷ്യകർമങ്ങൾ നല്ലത്, ചീത്ത, ഗുണകരം, ദോഷകരം, രക്ഷാമാർഗം, ശിക്ഷാമാർഗം എന്നിങ്ങനെ വ്യത്യസ്തങ്ങളാണ് എന്ന് താൽപര്യം. അടുത്ത വചനങ്ങളിൽ ഈ യാഥാർത്ഥ്യം ഉദാഹരണസഹിതം അല്ലാഹു വിവരിക്കുന്നു:-

فَأَمَّا مَنْ أَعْطَىٰ وَٱتَّقَىٰ ﴿٥﴾

﴾5﴿ അപ്പോൾ, യാതൊരുവൻ (ധനം) കൊടുക്കുകയും (അല്ലാഹുവിനെ) സൂക്ഷിക്കുകയും.-

وَصَدَّقَ بِٱلْحُسْنَىٰ ﴿٦﴾

﴾6﴿ ഏറ്റവും നന്നായുള്ളതിനെ സത്യമാക്കുകയും ചെയ്തുവോ,-

فَسَنُيَسِّرُهُۥ لِلْيُسْرَىٰ ﴿٧﴾

﴾7﴿ അവന് നാം ഏറ്റവും സൗകര്യമായുള്ളതിലേക്ക് സൗകര്യം ചെയ്ത് കൊടുത്തേക്കും.

وَأَمَّا مَنۢ بَخِلَ وَٱسْتَغْنَىٰ ﴿٨﴾

﴾8﴿ എന്നാൽ, യാതൊരുവൻ ലുബ്ധത കാണിക്കുകയും, ധന്യത നടിക്കുകയും,-

وَكَذَّبَ بِٱلْحُسْنَىٰ ﴿٩﴾

﴾9﴿ ഏറ്റവും നന്നായുള്ളതിനെ വ്യാജമാക്കുകയും ചെയ്തുവോ,-

فَسَنُيَسِّرُهُۥ لِلْعُسْرَىٰ ﴿١٠﴾

﴾10﴿ അവന് നാം ഏറ്റവും ഞെരുക്കമായുള്ളതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുത്തേക്കുകയും ചെയ്യും.

وَمَا يُغْنِى عَنْهُ مَالُهُۥٓ إِذَا تَرَدَّىٰٓ ﴿١١﴾

﴾11﴿ അവൻ മറിഞ്ഞുവീണാൽ അവന്റെ ധനം അവന് പ്രയോജനപ്പെടുന്നതുമല്ല.

﴾5﴿ فَأَمَّا എന്നാലപ്പോൾ مَنْ أَعْطَى ആർ കൊടുത്തു وَاتَّقَى സൂക്ഷിക്കുകയും ചെയ്തു ﴾6﴿ وَصَدَّقَ സത്യമാക്കുകയും ചെയ്തു بِالْحُسْنَى ഏറ്റവും നല്ലതിനെ ﴾7﴿ فَسَنُيَسِّرُهُ എന്നാലവന് നാം സൗകര്യം നൽകും, എളുപ്പമാക്കും لِلْيُسْرَى ഏറ്റവും സൗകര്യ (എളുപ്പ)മായതിലേക്ക് ﴾8﴿ وَأَمَّا مَنْ എന്നാൽ ഒരുവനോ بَخِلَ അവൻ ലുബ്ധത (പിശുക്ക്) കാട്ടി وَاسْتَغْنَى ധന്യത (ഐശ്വര്യം- അനാശ്രയത) നടിക്കയും ചെയ്തു ﴾9﴿ وَكَذَّبَ

വ്യാജമാക്കയും ചെയ്തു بِالْحُسْنَىٰ ഏറ്റവും നല്ലതിനെ ﴾10﴿ فَسَنُيَسِّرُهُ അപ്പോളവന് നാം സൗകര്യം ചെയ്യും لِلْعُسْرَىٰ ഏറ്റം ഞെരുക്കമായതിലേക്ക്, പ്രയാസപ്പെട്ടതിലേക്ക് ﴾11﴿ وَمَا يُغْنِي ധന്യ (ഐശ്വര്യ) മാക്കുകയില്ല (പ്രയോജനപ്പെടുകയില്ല) عَنْهُ അവന് مَالُهُ അവന്റെ ധനം, സ്വത്ത് إِذَا تَرَدَّىٰ അവൻ മറിഞ്ഞുവീണാൽ, നാശമടഞ്ഞാൽ

الْحُسْنَىٰ (ഏറ്റവും നല്ലത്) എന്നതിന് പലവിധത്തിൽ വിവക്ഷ നൽകപ്പെട്ട് കാണാം. തൗഹീദിന്റെ മുദ്രാവാക്യം, ഇസ്‌ലാമിന്റെ മാർഗം, സൽക്കർമങ്ങൾ, സ്വർഗം, നല്ല പ്രതിഫലം, യഥാർത്ഥതത്വങ്ങൾ എന്നൊക്കെ. الْيُسْرَىٰ (ഏറ്റവും സൗകര്യമായത്- അഥവാ എളുപ്പമായത്) എന്നതിന് നല്ല കാര്യം, കൂടുതൽ ലഘുവായത്, നല്ല പ്രതിഫലം എന്നിങ്ങനെയും, الْعُسْرَىٰ (ഏറ്റവും ഞെരുക്കമായത്) എന്നതിന് ഞെരുക്കപ്പെട്ട കാര്യം, നരകശിക്ഷ, ദുഷിച്ച മാർഗം എന്നിങ്ങനെയും വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. അൽപം ആലോചിച്ച് നോക്കുന്നപക്ഷം, ഈ അഭിപ്രായങ്ങളൊന്നും പരസ്പരവിരുദ്ധമല്ലെന്നും ആ വാക്കുകളുടെ അർത്ഥവ്യാപ്തിയിൽ ഒതുങ്ങുന്ന ഉദാഹരണങ്ങൾ മാത്രമാണെന്നും മനസ്സിലാക്കാം.

ലുബ്ധത കൂടാതെ സൽകാര്യങ്ങളിൽ ധനം ചിലവഴിക്കുക, അല്ലാഹുവിന്റെ കൽപനാനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് അവനെ സൂക്ഷിക്കുക, സത്യവിശ്വാസം, സൽക്കർമം, സദാചാരം ആദിയായ ഗുണങ്ങളോടുകൂടിയവരായിരിക്കും മനുഷ്യരിൽ ഒരു വിഭാഗം ആളുകൾ. ഇവർക്ക് നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുവാനും, നല്ല നില കൈവരുവാനും, നല്ല പ്രതിഫലം ആസ്വദിക്കുവാനും അല്ലാഹു സഹായിക്കുന്നു. ഇവരുടെ പര്യവസാനം ശാശ്വതസൗഖ്യവും സ്വർഗവുമായിരിക്കും. നേരെമറിച്ച് മറ്റൊരു വിഭാഗക്കാരുണ്ട്; ധനം ചിലവഴിക്കുവാൻ അവരുടെ പിശുക്ക് അവരെ അനുവദിക്കുകയില്ല; തങ്ങൾക്ക് മറ്റാരുടെയും ആശ്രയമില്ല- തങ്ങൾക്ക് തങ്ങൾ തന്നെമതി- എന്നായിരിക്കും അവരുടെ നിലപാട്. അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫലത്തിൽ അവർക്ക് താൽപര്യമില്ല; അവന്റെ നിയമനിർദ്ദേശങ്ങളെ അവർ മാനിക്കുകയുമില്ല; നല്ല കാര്യങ്ങളും യഥാർത്ഥവഴിയും ഉപദേശിക്കപ്പെട്ടാൽ ചെവിക്കൊള്ളാതെ നിഷേധിച്ചു തള്ളിക്കളയും. ഇങ്ങനെയുള്ളവർക്ക് കൂടുതൽ പ്രയാസകരമായതിലേക്കായിരിക്കും സൗകര്യം ലഭിക്കുന്നത്. അഥവാ പ്രയാസങ്ങളിൽവെച്ച് ഏറ്റവും പ്രയാസകരങ്ങളായ പ്രതിഫലവും നരകശിക്ഷയുമായിരിക്കും അവർക്ക് ലഭിക്കുക. ചുരുക്കിപ്പറഞ്ഞാൽ, നേർമാർഗത്തിൽ ചരിക്കുവാൻ തയ്യാറുള്ളവർക്ക് അല്ലാഹുവിൽനിന്ന് അതിന് കൂടുതൽ സഹായം കൈവന്നുകൊണ്ടിരിക്കും. വമ്പിച്ച പ്രതിഫലവും ലഭിക്കും. ദുർമാർഗത്തിൽ ചരിക്കുവാൻ ഒരുമ്പെടുന്നവരെ അവരുടെ പാട്ടിന് അവൻ അയച്ചുവിടുകയും, അങ്ങനെ അവർ കൂടുതൽ ദുർമാർഗികളും ശിക്ഷാർഹരുമാവുകയും ചെയ്യും. അല്ലാഹു പറയുന്നു:- 'സൻമാർഗം സ്വീകരിച്ചവർക്ക് അവൻ- അല്ലാഹു -സന്മാർഗം വർദ്ധിപ്പിച്ചുകൊടുക്കുകയും, അവർക്ക് അവരുടേതായ സൂക്ഷ്മത നൽകുകയും ചെയ്യും.' (സൂറ: മുഹമ്മദ്. 17.) 'അവിശ്വസിക്കുകയും അക്രമം ചെയ്യുകയും ചെയ്തവർക്ക് പൊറുത്തുകൊടുക്കുവാനാകട്ടെ, നരകത്തിന്റെ മാർഗമല്ലാത്ത ഒരു മാർഗത്തിലേക്ക് നയിക്കാനാകട്ടെ, അല്ലാഹു തയ്യാറില്ല.' (സൂറ: നിസാഉ്, 168, 169)

﴾12﴿ നിശ്ചയമായും മാർഗദർശനം നൽകൽ നമ്മുടെ മേലാണ് (ബാധ്യ

إِنَّ عَلَيْنَا لَلْهُدَىٰ ﴿١٢﴾

ത) ഉള്ളത്.

وَإِنَّ لَنَا لَلْـَٔاخِرَةَ وَٱلْأُولَىٰ ﴿١٣﴾

《13》 നമുക്കുള്ളതുതന്നെയാണ്, പരലോകവും ആദ്യലോകവും.

فَأَنذَرْتُكُمْ نَارًا تَلَظَّىٰ ﴿١٤﴾

《14》 അതിനാല്‍, ആളിക്കത്തിക്കൊണ്ടിരിക്കുന്ന അഗ്നിയെക്കുറിച്ച് ഞാന്‍ നിങ്ങള്‍ക്ക് താക്കീത് നല്‍കിയിരിക്കുന്നു.

لَا يَصْلَىٰهَآ إِلَّا ٱلْأَشْقَى ﴿١٥﴾

《15》 വളരെ ദുര്‍ഭാഗ്യവാനായുള്ളവനല്ലാതെ അതില്‍ കടന്നെരിയുകയില്ല.

ٱلَّذِى كَذَّبَ وَتَوَلَّىٰ ﴿١٦﴾

《16》 അതായത്, വ്യാജമാക്കുകയും തിരിഞ്ഞുകളയുകയും ചെയ്തവന്‍ (അല്ലാതെ).

وَسَيُجَنَّبُهَا ٱلْأَتْقَى ﴿١٧﴾

《17》 വളരെ സൂക്ഷ്മത [ഭയഭക്തി]യുള്ളവന്‍ അതില്‍ നിന്ന് അകറ്റി നിറുത്തപ്പെട്ടേക്കുകയും ചെയ്യും.

ٱلَّذِى يُؤْتِى مَالَهُۥ يَتَزَكَّىٰ ﴿١٨﴾

《18》 അതായത്, താന്‍ പരിശുദ്ധി നേടുവാനായി തന്റെ ധനം കൊടുക്കുന്നവന്‍.

وَمَا لِأَحَدٍ عِندَهُۥ مِن نِّعْمَةٍ تُجْزَىٰٓ ﴿١٩﴾

《19》 പ്രത്യുപകാരം നല്‍കപ്പെടേണ്ടുന്നതായ ഒരനുഗ്രഹവും [ഉപകാരവും] അവന്റെ പക്കല്‍ ഒരാള്‍ക്കും തന്നെ ഇല്ലതാനും;-

إِلَّا ٱبْتِغَآءَ وَجْهِ رَبِّهِ ٱلْأَعْلَىٰ ﴿٢٠﴾

《20》 തന്റെ അത്യുന്നതനായ റബ്ബിന്റെ പ്രീതിയെ നേടുക എന്നതല്ലാതെ.

《12》 إِنَّ عَلَيْنَا നിശ്ചയമായും നമ്മുടെമേലുണ്ട് (നമ്മുടെ ബാദ്ധ്യതയാണ്) لَلْهُدَىٰ സന്‍മാര്‍ഗം (മാര്‍ഗദര്‍ശനം) നല്‍കല്‍ 《13》 وَإِنَّ لَنَا നമുക്കുതന്നെയാണ്താനും لَلْآخِرَةَ പരലോകം وَالْأُولَىٰ ആദ്യലോകവും (ഇഹവും) 《14》 فَأَنذَرْتُكُمْ അതിനാല്‍ (എന്നാല്‍) നാം നിങ്ങളെ താക്കീതുചെയ്തിരിക്കുന്നു نَارًا تَلَظَّىٰ ആളിക്കത്തുന്ന തീ 《15》 لَا يَصْلَاهَا അതില്‍ കടക്കുകയില്ല, എരിയുകയില്ല إِلَّا الْأَشْقَى ഏറ്റം (വളരെ) ദുര്‍ഭാഗ്യവാ

നല്ലാതെ ﴾16﴿ الَّذِي كَذَّبَ വ്യാജമാക്കിയവനായ وَتَوَلَّىٰ തിരിഞ്ഞുകളയുകയും ചെയ്ത
﴾17﴿ وَسَيُجَنَّبُهَا അതിൽനിന്ന് അകറ്റി (ഒഴിവാക്കി) നിറുത്തപ്പെടും الْأَتْقَى വളരെ
സൂക്ഷ്മത (ഭയഭക്തി)യുള്ളവൻ ﴾18﴿ الَّذِي يُؤْتِي കൊടുക്കുന്നവനായ مَالَهُ തന്റെ ധനം
يَتَزَكَّىٰ പരിശുദ്ധി (ആത്മഗുണം) നേടുവാൻ ﴾19﴿ وَمَا لِأَحَدٍ ഒരാൾക്കും ഇല്ലതാനും
عِندَهُ അവന്റെ പക്കൽ مِن نِّعْمَةٍ ഒരു അനുഗ്രഹവും (ഗുണവും, ഉപകാരവും) تُجْزَىٰ
പ്രതിഫലം (പ്രത്യുപകാരം) നൽകപ്പെടേണ്ടതായ ﴾20﴿ إِلَّا ابْتِغَاءَ തേടൽ (ആവശ്യപ്പെ
ടൽ) അല്ലാതെ وَجْهِ رَبِّهِ തന്റെ റബ്ബിന്റെ മുഖത്തെ (പ്രീതിയെ) الْأَعْلَىٰ അത്യുന്നതനായ

ആർക്ക് എന്ത് നന്മ ചെയ്തുകൊടുത്താലും അതിൽ അല്ലാഹുവിന്റെ പ്രീതി ലഭിക്കണമെന്ന ഏക ഉദ്ദേശ്യമല്ലാതെ, ജനങ്ങളിൽനിന്ന് അത്മൂലം എന്തെങ്കിലും ഒരു പ്രതിഫലം ലഭിക്കണമെന്ന വിചാരമില്ലാതെ നല്ല വിഷയങ്ങളിൽ ധനം ചിലവഴിക്കുന്നവനാണ് ആത്മപരിശുദ്ധിക്കുവേണ്ടി ധനം ചിലവഴിക്കുന്നവൻ എന്ന് സാരം.

﴾21﴿ വഴിയെ അവൻ തീർച്ചയായും തൃപ്തി അടയുകയും ചെയ്യും.

وَلَسَوْفَ يَرْضَىٰ ﴿٢١﴾

﴾21﴿ وَلَسَوْفَ തീർച്ചയായും വഴിയെ يَرْضَىٰ അവൻ തൃപ്തിപ്പെടും

അല്ലാഹുവിന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു ജീവിക്കുന്ന ഭയഭക്തരും, ആത്മശുദ്ധി നേടിയവരുമായ ആളുകൾക്ക് നരകശിക്ഷ ഒഴിവാക്കപ്പെടുമെന്ന് മാത്രമല്ല, മതി, മതി എന്ന് തൃപ്തിപ്പെടുവോളം ഉന്നതമായ പ്രതിഫലം അല്ലാഹു അവർക്ക് കൊടുക്കുകയും ചെയ്യുന്നതാണ്. ومن الله التوفيق

اللهم لك الحمد والمنة